REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 29-05-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

1. അവസാന ഘട്ട വോട്ടെടുപ്പിന് നാളെ വൈകിട്ട് പരസ്യ പ്രചാരണം അവസാനിയ്ക്കും. 57മണ്ഡലങ്ങളിൽ വോട്ടെടുപ്പ് ശനിയാഴ്ച.
2. മദ്യനയക്കേസിൽ ഇടക്കാല ജാമ്യം 7 ദിവസത്തേക്ക് നീട്ടണമെന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന്റെ അപേക്ഷ സുപ്രീം കോടതി നിരസിച്ചു.
3. സംസ്ഥാനത്ത് ഞായറാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ചു ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
4. സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു .
5. കൊട്ടിയൂർ ക്ഷേത്രം വൈശാഖോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീർവെപ്പും തിരുവോണം ആരാധനയും ഇന്ന് .
6. ഇന്ത്യൻ ഗ്രാന്റ് പ്രീ -2 അത്-ലറ്റിക് മീറ്റ് ഉച്ചകഴിഞ്ഞ് ചെന്നൈയിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

**അവസാന ഘട്ട വോട്ടെടുപ്പിന് നാളെ വൈകിട്ട് പരസ്യ പ്രചാരണം അവസാനിയ്ക്കും.**

**പ്രചാരണത്തിന് രണ്ടുദിവസവും തെരഞ്ഞെടുപ്പിന് നാല് ദിവസവും മാത്രം ബാക്കി നിൽക്കെ പരമാവധി വോട്ട് സ്വന്തം ചിഹ്നത്തിൽ ഉറപ്പാക്കുന്നതിന്**

കൊണ്ട് പിടിച്ച ശ്രമത്തിലാണ് ദേശീയ - സംസ്ഥാന നേതാക്കളും സ്ഥാനാർത്ഥികളും.

ഏഴ് സംസ്ഥാനങ്ങളിലെയും, ഛണ്ഡിഗഢിലെയും 57 ലോക്സഭാ മണ്ഡലങ്ങളാണ് ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിൽ വിധിയെഴുതുന്നത്. 904 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്.

പഞ്ചാബിലും ഉത്തർപ്രദേശിലും, 13 വീതവും, പശ്ചിമ ബംഗാളിൽ ഒൻപതും, ബീഹാറിൽ എട്ടും ഒഡീഷയിൽ ആറും, ഹിമാചൽ പ്രദേശിൽ നാലും, ജാർഖണ്ഡിൽ മൂന്നും, ഛണ്ഡീഗഡിൽ ഒന്നും മണ്ഡലങ്ങളിലാണ് ശനിയാഴ്ച വിധിയെഴുത്ത്. ഇതോടെ 18-ാം ലോക്സഭയിലേക്ക് വിധിയെഴുത്ത് പൂർണമാകും.

കഴിഞ്ഞ ആറ് ഘട്ടങ്ങളിലായി 543 അംഗ ലോക്സഭയിൽ 486 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് പൂർത്തിയായി. ഇതോടൊപ്പം ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, സിക്കിം, നിയമസഭകളിലേക്ക് വോട്ടെടുപ്പ് നടന്നു. 147 അംഗ ഒഡീഷ നിയമസഭയിൽ 42 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് പൂർത്തിയാകാനുള്ളത്. ഈ മണ്ഡലങ്ങളിൽ നാലാമത്തെയും അവസാനത്തെയും ഘട്ടത്തിൽ ശനിയാഴ്ച വോട്ടടുപ്പ് നടക്കും.

ആറ് ദിവസം കൂടി പിന്നിടുമ്പോൾ അടുത്ത ചൊവ്വാഴ്ച ലോക്സഭയിലെയും നാല് സംസ്ഥാനങ്ങളിലെയും ജനവിധി പുറത്തുവരും.

✪✪✪

BJP യുടെ മുതിർന്ന നേതാവും, പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഒഡീഷയിൽ NDA യുടെ മൂന്ന് റാലികളിൽ ഇന്ന് പങ്കെടുക്കും. മയൂർഭഞ്ച്, ബലാസോർ, കേന്ദ്രപറ മണ്ഡലങ്ങളിലാണ് പ്രധാനമന്ത്രി പ്രചാരണത്തിനെത്തുക. BJP ദേശീയ അധ്യക്ഷൻ ജെ പി നദ്ദ ഝാർഖണ്ഡിലാണ് ഇന്ന് പ്രചാരണത്തിനെത്തുന്നത്.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ ഒഡീഷയിലും, ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഹിമാചൽ പ്രദേശിലും തിരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പങ്കെടുക്കും.

✪✪✪

ഏകീകൃത സിവിൽകോഡ് വിഷയത്തിൽ കോൺഗ്രസിന് വ്യക്തമായ നിലപാടുണ്ടെന്ന് പാർട്ടി പ്രവർത്തക സമിതി അംഗം ഡോ. ശശിതരൂർ MP. വിഷയത്തിൽ പാർലമെന്റിൽ തുറന്ന ചർച്ചയുണ്ടാകണമെന്നും അദ്ദേഹം ഷിംലയിൽ പറഞ്ഞു.

✪✪✪

രാജ്യസഭാ സീറ്റ് പുതുമുഖത്തിന് നൽകണമോ എന്ന കാര്യം പാർട്ടി ചർച്ച ചെയ്ത് തീരുമാനിക്കുമെന്ന് മുസ്ലീം ലീഗ് നിയമസഭാ കക്ഷി ഉപനേതാവ് ഡോ. M K മുനീർ പറഞ്ഞു. ഇക്കാര്യത്തിൽ ചർച്ച തുടങ്ങിയിട്ടില്ലെന്നും പുതുമുഖത്തെ രാജ്യസഭയിലേക്കയച്ച പാരമ്പര്യം പാർട്ടിക്കുണ്ടെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

പ്രദീപ് കുമാർ ത്രിപാഠിയെ ലോക്പാൽ സെക്രട്ടറിയായി അടുത്ത മാസം 30 വരെ നിയമിക്കാൻ കേന്ദ്രമന്ത്രിസഭയുടെ നിയമന കാര്യ സമിതി അനുമതി നൽകി. സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ ചെയർമാനായി രാകേഷ് രഞ്ജനെ നിയമിക്കും. അമിത് യാദവിനെ സാമൂഹ്യനീതി ശാക്തീകരണ വകുപ്പിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായും നിയമിച്ചു.

✪✪✪

മദ്യനയക്കേസിൽ ഇടക്കാല ജാമ്യം 7 ദിവസത്തേക്ക് നീട്ടണമെന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന്റെ അപേക്ഷ സുപ്രീം കോടതി നിരസിച്ചു. സ്ഥിരം ജാമ്യത്തിന് വിചാരണ കോടതിയെ സമീപിക്കാൻ അനുവാദം നൽകിയ സാഹചര്യത്തിൽ അപേക്ഷ സ്വീകരിയ്ക്കാനാവില്ലെന്ന് സുപ്രീംകോടതി രജിസ്ട്രി അറിയിച്ചു. അറസ്റ്റിനെതിരായ ഹർജി വിധി പറയാൻ മാറ്റിയ സാഹചര്യത്തിൽ അപേക്ഷ ലിസ്റ്റ് ചെയ്യാനാകില്ലെന്നാണ് സുപ്രീംകോടതി രജിസ്ട്രി അറിയിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ അരവിന്ദ് കെജ്രിവാൾ ജൂൺ 2 ന് കീഴടങ്ങണം. സ്ഥിരം ജാമ്യത്തിന് വിചാരണ കോടതിയെ സമീപിക്കാൻ സുപ്രീംകോടതി നേരത്തെ നിർദേശിച്ചിരുന്നു.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, ഇടുക്കി, തൃശൂർ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്.

✪✪✪

തിരൂരിൽ ഇന്നലെ പുലർച്ചെ കാണാതായ പത്ര ഏജന്റിന്റെ മൃതദേഹം കണ്ടെത്തി. നിറമരതൂർ വള്ളിക്കാഞ്ഞിരം സ്വദേശിയും, തിരൂർ ബസ് സ്റ്റാന്റ് മാതൃഭൂമി ഏജന്റുമായ നെച്ചാട്ട് ശ്രീധരൻ എന്ന ഗണേശന്റെ മൃതദേഹമാണ് രാവിലെ തിരൂർ - പൊന്നാനി പുഴയിൽ കണ്ടെത്തിയത്.

✪✪✪

ആലപ്പുഴ അർത്തുങ്കൽ കടലിൽ എൻജിൻ തകരാറിനെ തുടർന്ന് കുടുങ്ങിയ ഒൻപത് മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി. തോട്ടപ്പള്ളി ഫിഷറീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരാണ് തൊഴിലാളികളെ രക്ഷിച്ചത്.

✪✪✪

എറണാകുളം ജില്ലയിൽരാത്രിയിൽ മഴ പൊതുവെ കുറവായിരുന്നു. മൂവാറ്റുപുഴയിൽ ഇന്നലെ വൈകിട്ടുണ്ടായ കനത്ത മഴയിൽ ഒരു വീട് തകർന്നു.

✪✪✪

മാർച്ച് മുതൽ ഇന്നലെ വരെ പത്തനംതിട്ട ജില്ലയ്ക്ക് 40% അധിക മഴ ലഭിച്ചു.

ഇന്ന് ജില്ലയിലെ പല സ്ഥലങ്ങളിലും ഒറ്റപ്പെട്ട ശക്തമായ മഴയാണ് ലഭിക്കുന്നത്. പന്തളം മഹാദേവർ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് അച്ചൻകോവിലാറിന്റെ മറുകരയിലേയ്ക്ക് സ്റ്റീൽ പൈപ്പുകൾ ഉപയോഗിച്ച് നിർമിച്ച താത്കാലിക നടപ്പാലം ഒഴുകിപ്പോയി.

✪✪✪

ഉത്തരേന്ത്യയിൽ ഉഷ്ണതരംഗം തുടരുന്നു. പഞ്ചാബ് , ഹരിയാന, ദില്ലി, രാജസ്ഥാൻ സംസ്ഥാനങ്ങളിൽ ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനു ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു . മറ്റന്നാൾ വൈകിട്ട് അഞ്ചിനകം Edit Application എന്ന ലിങ്കിലൂടെ ആവശ്യമായ തിരുത്തലുകളും ഉൾപ്പെടുത്തലുകളും വരുത്തി ഫൈനൽ കൺഫർമേഷൻ നടത്തണം. ഗവണ്മെന്റ് , എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറികളിലെ ഹെൽപ് ഡെസ്ക്കുകളിൽ ഇതിനു സഹായം ലഭിയ്ക്കും. ഇതിന് ശേഷം തിരുത്തലുകൾ വരുത്താൻ കഴിയില്ല.

എസ്.എസ്.എൽ.സി പുനർമൂല്യനിർണയത്തിലെ ഫലം ട്രയൽ അലോട്ട്മെന്റിൽ പരിഗണിച്ചിട്ടില്ല. പുനർമൂല്യനിർണയത്തിലെ ഗ്രേഡ് വ്യത്യാസം അടുത്ത മാസം അഞ്ചിന് പ്രസിദ്ധീകരിക്കുന്ന ഒന്നാം അലോട്ട്മെന്റിൽ പരിഗണിക്കും.

സംസ്ഥാനത്ത് 4 ലക്ഷത്തി 65,000 വിദ്യാർഥികളാണ് പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷിച്ചത്.

ആദ്യഅലോട്ട്മെന്റ് അടുത്ത മാസം അഞ്ചിനും രണ്ടാം അലോട്ട്മെന്റ് 12നും മൂന്നാം അലോട്ട്മെന്റ് 19നുമാണ് പ്രസിദ്ധീകരിക്കുന്നത്. പ്ലസ് വൺ ക്ലാസ്സുകൾ അടുത്ത മാസം24ന് ആരംഭിക്കും.

✪✪✪

പ്ലസ് വൺ സീറ്റ് വിഷയത്തിലെ പ്രതിസന്ധി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ഗവൺമെന്റിനെതിരെ കളക്ടറേറ്റുകളിൽ മുസ്ലീംലീഗ് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. മലബാറിലെ ആറ് ജില്ലകളിലാണ് പ്രവർത്തകർ പ്രതിഷേധിക്കുന്നത്.

✪✪✪

ഇന്ത്യൻ ഗ്രാന്റ് പ്രീ -2 അത്-ലറ്റിക് മീറ്റ് ഉച്ചകഴിഞ്ഞ് ചെന്നൈയിൽ ആരംഭിക്കും. ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. വനിതകളുടെ പോൾവോൾട്ടോടെയാണ് മത്സരങ്ങൾ ആരംഭിക്കുന്നത്. ഒൻപത് ഇനങ്ങളിലാണ് മത്സരങ്ങൾ. താരങ്ങൾക്ക് പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടുന്നതിന് അവസരം കൂടിയാണ് ഗ്രാന്റ് പ്രീ.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽ സെർബിയൻ ടെന്നീസ് താരം നൊവാക് ജോക്കോവിച്ച്, രണ്ടാംറൗണ്ടിൽ പ്രവേശിച്ചു .ആദ്യ റൗണ്ട് മത്സരത്തിൽ പിയറി-ഹ്യൂഗ്സ് ഹെർബെർട്ടിനെയാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. ജോക്കോവിച്ച് രണ്ടാം റൗണ്ടിൽ സ്പാനിഷ് താരം റോബർട്ടോ കാർബല്ലെസ് ബെയ്നയെ നേരിടും. ടെന്നീസ് ചരിത്രത്തിലെ 25 ഗ്രാൻഡ് സ്ലാം സിംഗിൾസ് കിരീടങ്ങൾ നേടുന്ന ആദ്യ താരമാകാനാണ് ജോക്കോവിച്ച് ലക്ഷ്യമിടുന്നത്.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രം വൈശാഖോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീർവെപ്പും തിരുവോണം ആരാധനയും ഇന്ന് നടക്കും. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഇന്നലെ രാത്രിയോടെ ഇളനീർ സംഘങ്ങൾ മണത്തണ സങ്കേതത്തിൽ എത്തി. ഇവർ രാവിലെ അക്കരെ കൊട്ടിയൂർ ക്ഷേത്രത്തിലേക്ക് തിരിക്കും. ഇളനീർ കാവുകൾ വടത്തിൽ കെട്ടി ചുമലിലേന്തി കാൽനടയായാണ് സംഘങ്ങൾ എത്തുന്നത്.

നാളെ ഇളന്നീരാട്ടവും അഷ്ടമി ആരാധനയും നടക്കും.

✪✪✪

മനുഷ്യനെ ഒന്നിപ്പിക്കുന്നതിനു അപാരമായ കഴിവ് സംഗീതത്തിനുണ്ടെന്ന് കഥാകൃത്ത് ടി. പദ്മനാഭൻ പറഞ്ഞു. മാനവ സ്നേഹത്തിന്റെ പ്രതീകമാണ് ശുദ്ധസംഗീതത്തിൽ അദ്ഭുതം സൃഷ്ടിച്ച പ്രതിഭകളെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ പയ്യന്നൂരിൽ തുരീയം സംഗീതോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രപഞ്ചത്തിൽ എവിടെയും സംഗീതമുണ്ടെന്നും പ്രപഞ്ചത്തിന്റെ ഭാഷതന്നെ സംഗീതമാണെന്നും നോവലിസ്റ്റ് എം.മുകുന്ദൻ പറഞ്ഞു. തുടർന്ന്

**പത്മവിഭൂഷൺ പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യയുടെ പുല്ലാങ്കുഴൽ കച്ചേരി അരങ്ങേറി.**

✪✪✪

**മുഖ്യമന്ത്രി പിണറായി വിജയൻ അറിഞ്ഞു കൊണ്ട് നടത്തിയ എല്ലാ ഇടപാടുകളും കേന്ദ്ര ഏജൻസികൾ അന്വേഷിക്കണമെന്ന് ഷോൺ ജോർജ് ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയന്റെ എക്സാലോജിക് എന്ന കമ്പനിയുടെ അക്കൗണ്ടിൽ കോടികൾ ഒഴുകിയെത്തിയത് എങ്ങനെയാണെന്ന് അന്വേഷിക്കണമെന്നും, അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.**

✪✪✪

**സ്ഥാനക്കയറ്റത്തിനു യോഗ്യതാ പരിശീലനത്തിനിടെ ഡൽഹിയിൽ മലയാളി പോലീസ് ഉദ്യോഗസ്ഥൻ മരിച്ചു. വടകര സ്വദേശിയായ എ.എസ്.ഐ. ബിനീഷാണ് മരിച്ചത്. കടുത്ത ചൂടിൽ നടന്ന പരിശീലനത്തെ തുടർന്ന് ബിനീഷിന് ശാരീരിക അസ്വസ്ഥത ഉണ്ടാവുകയും ബോധരഹിതനാവുകയുമായിരുന്നു. പരിശീലനത്തിനിടെ ശാരീരികാസ്വസ്ഥത അനുഭവപ്പെട്ട മറ്റു നാല് ഉദ്യോഗസ്ഥർ ചികിത്സയിലാണ്.**

✪✪✪

**ചേർത്തല ദേശീയപാതയിൽ ഓട്ടോകാസ്റ്റിനു സമീപം ബൈക്കും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. ഓട്ടോ ഡ്രൈവറും ഓട്ടോ കാസ്റ്റ് ജീവനക്കാരനുമായ എം.ബൈജുമോൻ ആണ് മരിച്ചത്.**

✪✪✪

**തൃശ്ശൂർ ജില്ലയിലെ ഭക്ഷ്യവിഷബാധ കേസുകളിൽ കർശന നടപടിയെടുക്കുമെന്ന് ജില്ലാ കളക്ടർ വി.കെ. കൃഷ്ണതേജ അറിയിച്ചു. കേസുകൾ കണ്ടെത്തിയാലുടൻ തദ്ദേശ ഭരണം, ഭക്ഷ്യസുരക്ഷാ വകുപ്പുകൾക്ക് റിപ്പോർട്ട് ചെയ്യാൻ ആശുപത്രി അധികൃതർക്ക് കളക്ടർ നിർദ്ദേശം നൽകി.**

**അതിനിടെ, തൃശ്ശൂരിൽ 10 ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷണം പിടികൂടി. പെരിഞ്ഞനം ഭക്ഷ്യ വിഷബാധയുടെ അടിസ്ഥാനത്തിൽ കോർപറേഷനിലെ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ പരിശോധന തുടരുകയാണ്.**

✪✪✪

**മസാല ബോണ്ടിൽ ED സമൻസ് ചോദ്യം ചെയ്ത് മുൻ മന്ത്രി ഡോ. തോമസ് ഐസക് സമർപ്പിച്ച ഹർജി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും. ഫെമ നിയമലംഘനങ്ങളെക്കുറിച്ച് തോമസ് ഐസകിന് അറിയാമായിരുന്നു എന്നാണ് EDയുടെ വാദം.**

✪✪✪

രാജ്യാന്തര അവയവ കടത്ത് അന്വേഷണ സംഘം പ്രധാന കണ്ണിയെ തേടി ഹൈദരാബാദിലേക്ക് കേസന്വേഷണം വ്യാപിപ്പിച്ചു. ഒന്നാം പ്രതി സാബിത്ത് നാസർ അവയവ കടത്ത് സംഘവുമായി ബന്ധം സ്ഥാപിച്ചത് ഹൈദരാബാദിൽ വെച്ചാണെന്ന കണ്ടെത്തലിനെ തുടർന്നാണ് തീരുമാനം.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 200 രൂപ കൂടി 53,680 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. 6,710 രൂപയാണ് ഗ്രാമിന്.

✪✪✪

കണ്ണൂർ ആകാശവാണി നിലയം മുപ്പത്തിനാലാം വാർഷികാഘോഷം ഇന്ന് നടക്കും. റിക്രിയേഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഉച്ചയ്ക്ക് ശേഷം ആകാശവാണി അങ്കണത്തിൽ വിവിധ കലാപരിപടികളും സർവ്വീസിൽ നിന്ന് വിരമിക്കുന്നവർക്കു യാത്രയയപ്പും കുടുംബസംഗമവും ഒരുക്കിയിട്ടുണ്ട്.

✪✪✪